കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ /കെ.എൻ.ആർ/സി.3/1901/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ:doknr.ksad@kerala.gov.in
ഫോൺ:0497-2707698

തീയതി.04-01-19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് - 2017-18. സാമ്പത്തിക വർഷങ്ങളിലെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ2-3,2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1,3-2,3-9,3-11 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ /കെ.എൻ.ആർ/സി.3/1901/18. തിയ്യതി 04-01-19

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ

2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-07-2017മുതൽ 21-10-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ബി സന്തോഷ് |
| | | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22 .10.2018. മുതൽ 31.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | 1.ശ്രീ.സത്യാനന്ദൻ സി.വി,ഓഡിറ്റ് ഓഫീസർ |
| | | 2.ശ്രീമതി.റീന. പിട്ടൻ,അസി.ഓഡിറ്റ് ഓഫീസർ |
| | | 3..ശ്രീമതി. സബിത.കെ,ഓഡിറ്റർ |

| | |
|---|---|
| | 4.ശ്രീമതി. ബിസ്മി എസ് നായർ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഐ.വി .നാരായണൻ | 1-4-17 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | എം.പി.ഷാനാവാസ് | 1-4-17 മുതൽ 3-1-2018 വരെ |
| | അശോക് കുമാർ | 4-1-18 മുതൽ 29-1-2018 വരെ |
| | സുനിൽ കുമാർ.കെ.പി | 30-1-18 മുതൽ 23-2-2018 വരെ |
| | രാമകൃഷ്ണൻ.കെ | 24-2-18മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | എം.പി.ഷാനാവാസ് | 1-4-17 മുതൽ 3-1-2018 വരെ |
| | അശോക് കുമാർ | 4-1-18 മുതൽ 29-1-2018 വരെ |
| | സുനിൽ കുമാർ.കെ.പി | 30-1-18 മുതൽ 23-2-2018 വരെ |
| | രാമകൃഷ്ണൻ.കെ | 24-2-18മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | നിഷ ജോസഫ് | 1-4-17 മുതൽ 29-10-2017 വരെ |
| | ജോമിലി ജോസ് | 30-10-17മുതൽ 31-3-2018 വരെ |
| അസി.എഞ്ചിനിയർ | നിഷ.വി.വി | 1-4-17 മുതൽ 23-10-2017വരെ |
| | ശ്രീലത.പി | 24-10-17മുതൽ14-11-2017വരെ |
| | ബിന്ദിയ.കെ.വി | 15-11-17മുതൽ31-3-18വരെ |
| വി.ഇ.ഒ(കുറുമാത്തൂർ) | സജിത.കെ | 1-4-17 മുതൽ 12-10-2017 വരെ |
| | ഗിത.പി.പി | 13-10-17 മുതൽ31-3-18 വരെ |
| വി.ഇ.ഒ(പന്നിയൂർ)* | കമാലുദ്ദിൻ.എൻ.പി | 13-10-17 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | നിമ്മി.എം.കെ | 1-4-17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ | സിനി.എൻ | 1-4-17 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| ഓഫീസർ(പി.എച്ച്.സി) | | |
| അസി.സെക്രട്ടറി | പി.പ്രദീപ്കുമാർ | 1-4-17 മുതൽ 18-6-2017 വരെ |
| | കെ.പി.അശോക് കുമാർ | 19-6-17 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.അനമോൾ ജോസഫ് | 1-4-17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ശ്രുപ ജിന ദേവൻ | 1-4-17 മുതൽ 14-8-2017 വരെ |
| | ഡോ.സിമി | 15-8-17 മുതൽ 21-9-2017വരെ |
| | ഡോ.ജ്ജമാന | 22-9-17 മുതൽ 30-10-2017 വരെ |
| | ഡോ.നിമിഷ.ഒ | 31-10-17 മുതൽ 31-3-2018 വരെ |
| ഹെഡ് മാസ്റ്റർ | ബാലകൃഷ്ണൻ .എം | 1-4-17 മുതൽ 19-5-2017 വരെ |
| | രാജ്ജ.ടി.എസ് | 20-5-17മുതൽ 31-3-2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | അശ്വതി.കെ | 1-4-17 മുതൽ 29-6-2017 വരെ |
| | സ്നേഹേഷ് .കെ | 30-6-17 മുതൽ 31-3-2018 വരെ |

*13-10-17 മുതലാണ് പന്നിയൂർ സർക്കിളിൽ പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയത്

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-12 | |
| 13 | പദ്ധതി ആസൂത്രണ അവലോകനം | 1-13 | |
| | ഭാഗം 2 | | |
| | വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | തൊഴിൽ നികുതി അപാകങ്ങൾ | 2-1 | |
| 15 | ലേലം നടപടികൾ സ്വീകരിച്ചില്ല | 2-2 | |
| 16 | അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല | 2-3 | |

| | | | |
|---|---|---|---|
| | | | |
| 17 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തില്ല | 2-4 | |
| | ഭാഗം 3 | | |
| | ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കൽ :-സംയുക്ത പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. | 3-1 | |
| 19 | സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം ഒടുക്കുന്നു | 3-2 | |
| 20 | പശ്ചിമ ഘട്ടവികസനം-പദ്ധതി നിർവ്വഹണം - ഗുണഭോക്താക്കൾ എസ് സി / എസ് ടി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല. | 3-3 | |
| 21 | മഴൂർ ശ്മശാനത്തിന് കുഴൽ കിണർ നിർമ്മാണം പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-4 | |
| 22 | എൽ ഇ ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-5 | |

| | | | |
|---|---|---|---|
| | | | |
| 23 | മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം | 3-6 | |
| 24 | പ്രൊഫഷണൽ കോളെജ് വിദ്യാർത്ഥികൾക്ക് ധനസഹായം നൽകൽ -ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി -30000/- രൂപ തടസ്സപ്പെടുത്തുന്നു | 3-7 | |
| 25 | പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നൽകൽ പദ്ധതി -ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചു. | 3-8 | |
| 26 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - 150000/- രൂപ തടസ്സപ്പെടുത്തുന്നു | 3-9 | |
| 27 | ബഡ്സ് സ്കൂൾ നിർമ്മാണ പ്രവൃത്തിയിലെ അപാകങ്ങൾ:- 25227/- രൂപ നിരാകരിക്കുന്നു | 3-10 | |
| 28 | പ്രവൃത്തി പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം - നിയമാനുസൃതമായ പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-11 | |

| | | | |
|---|---|---|---|
| | | | |
| 29 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം. പൊതുവായ അപാകങ്ങൾ | 3-12 | |
| 30 | അങ്കണവാടികളുടെ പ്രവർത്തനം:- അവലോകനം | 3-13 | |
| | ഭാഗം 4 | | |
| | പൊതു വിവങ്ങളും ഓഡിറ്റ് പ്രത്യവലോകനം | | |
| 31 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 35 | സ്ഥിര നിക്ഷേപം | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 38 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ | 4-10 | |

| | | | |
|---|---|---|---|
| | അനുബന്ധങ്ങൾ | | |
| 41 | റസീറ്റ് &പെയ്മെൻറ് സ്റ്റേറ്റ്മെൻറ് | അനുബന്ധം-2-1 | |
| 42 | ഇൻകം &എകസ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് | അനുബന്ധം-2-2 | |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29-3-2017 ലെ തീരുമാനം നമ്പർ 55/17 പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 20040146 |
| വരവ് | 167548300 |
| ആകെ | 187588446 |
| ചെലവ് | 178088446 |
| നീക്കിയിരിപ്പ് | 9500000 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് .എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കാൻ

നടപടിയെടുക്കേണ്ടതാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണമെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1(എ) 1 നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആദ്യ ആഴ്ച കഴിഞ്ഞതിന് ശേഷം 27-3-2017ലെ തീരുമാനം നമ്പർ 33/17പ്രകാരം മാത്രമാണ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പോലും ബജറ്റ് അംഗീകരിച്ചത്. ഭരണസമിതി ബജറ്റ് 29-3-2017 തീയതിയിലെ 55/2017തീരുമാന പ്രകാരം ഭരണസമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഉപവകുപ്പ് -1(എ) 7 പ്രകാരം ബജറ്റിന്റെ പകർപ്പ് ഓഡിറ്റിന് അയച്ചുകൊടുക്കേണ്ടതാണെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല. പുതുക്കിയ ബജറ്റ് 5-3-18ന് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 3-05-2018 | തിരിച്ചയച്ചിട്ടില്ല | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018, 14.06.2018 | കെ എസ് എ /കെ എൻ ആർ/ സി3/-1184/2018 തീയതി 31-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 26722133.52 |
| വരവ് | 76492343 |
| ആകെ | 103214476.52 |
| ചെലവ് | 91019080 |
| നീക്കിയിരിപ്പ് | 12195396.52 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 15330071 | 15330071 | 15060860 | 269211 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 2037755 | 2037755 | 2037755 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 59998 | 59998 | 0 | 59998 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 16226539 | 16226539 | 16226539 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3792283 | 3792283 | 3521237 | 271046 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 6900390 | 6900390 | 6737574 | 162816 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 3982795 | 3982795 | 3386171 | 596624 |
| സാക്ഷരത | | 17359 | 878 | 18237 | 0 | 18237 |
| ദുരിതാശ്വാസനിധി | | 2430 | 31596 | 34026 | 21100 | 12926 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | | 17706691 | 17706691 | 17706691 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1720 | 984391 | 986111 | 985544 | 567 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 479712 | 1303500 | 1783212 | 1154704 | 628508 |
| | ജില്ലാ പഞ്ചായത്ത് | 367500 | 1254999 | 1622499 | 1254999 | 367500 |
| ബി ഫണ്ട് | | | 50347644 | 50347644 | 50347644 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1823539.63 | 10618522 | 12442061.63 | 8164086 | 4277975.63 |
| | ട്രഷറി അക്കൗണ്ട് | 23556125 | 10633570 | 34189695 | 31961742 | 2227953 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 88986680 | 153 | 54858822 | 51 | 9 | 71.83 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പ്രോജക്ട് നമ്പ്ര | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 11/18 | ടി.എസ്.പി ഫണ്ട് തിരിച്ചടവ് | 6000(ടി.എസ്.പി) |
| 126/18 | പകൽവിടിന് ഭൌതിക സാഹചര്യം ഒരുക്കൽ | 50000(വികസന ഫണ്ട്) |
| 125/18 | പഞ്ചായത്ത് ഓഫീസിലെക്ക് ജനറേറ്റർ വാങ്ങൽ | 200000(തനത്) |
| 103/18 | 5,7 വാർഡുകളിലെ പുഴയോരത്ത് കണ്ടൽ വനവൽക്കരണം | 100000(തനത്) |
| 211/18 | എൽ.എസ്.ജി.ഡി എഞ്ചിനിയറിംങ് വിഭാഗത്തിന് ലെവലിങ് ഇൻസ്ട്രുമെന്റ് വാങ്ങൽ | 30000(തനത്) |
| 79/18 | കൊടിലേരി വിസിബി യ്ക്ക് അറ്റകുറ്റപണി | 45000(തനത്) |
| 178/18 | പനക്കാട് കാങ്കോൽ ഇല്ലം റോഡ് പരിഷ്ക്കരണം | 75000(സി.എഫ്.സി) |
| 90/18 | കുറുമാത്തൂർ പട്ടികജാതി ശ്മശാനത്തിന് മേൽക്കുര നിർമ്മാണം | 200000(എസ്.സി.പി) |
| 193/18 | കൊടിലേരി വിസിബി യ്ക്ക് അറ്റകുറ്റപണി | 40000,(സി.എഫ്.സി)<br>5000(തനത്) |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1720 | 984391 | 986111 | 985544 | 567 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 17706691 | 17706691 | 17706691 | |

## 1-8 <u>ക്ഷേമ പദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 118440 | 200 |
| കർഷകതൊഴിലാളി പെൻഷൻ | 10090400 | 878 |
| വിധവാപെൻഷൻ | 13319400 | 1163 |
| വാർദ്ധക്യകാലപെൻഷൻ | 22214900 | 1823 |
| വികലാംഗപെൻഷൻ | 3690500 | 329 |
| 50 വയസിന് മുകളില്ലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 521900 | 66 |

## 1-9 <u>ക്യാഷ് പരിശോധന</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-10-2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9877/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 <u>ആഭ്യന്തരനിയന്ത്രണം</u>

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജീവനക്കാർക്ക് കൃത്യമായ ചുമതലാ വിഭജനം 25-7-2017 ലെ ഓഫീസ്

ഓർഡർ നമ്പർ 25/17 നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൃത്യമായി ആവശ്യമായ നിർദേശങ്ങൾ ജീവനക്കാർക്ക് നൽകിവരുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഗ്രാമപഞ്ചായത്ത് ഓഫീസിന് മുൻവശത്ത് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രത്യേക കംപാർട്ട്മെന്റാക്കി തിരിച്ചിട്ടില്ല. ഹെൽപ് ഡസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം ഉയർത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2018 | 8/18 ,9/18വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-11-10 | 2005-06,2009-10 | 3-1-2011 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1) 2016-17വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ 2017-18 വർഷത്തെ ലെഡ്ജർ മുന്നിരിപ്പ്,ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2) 2016-17 വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള തുകകളിൽ മാറ്റം വരുത്തിയാണ് 2017-18 വർഷത്തെ ബാലൻസ് ഷീറ്റ്,ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.ഇപ്രകാരം ഓഡിറ്റ് ചെയ്ത വാർഷിക കണണക്കുകളിൽ മാറ്റം വരുത്തുമ്പോൾ താഴെ പറയുന്ന നടപടിക്രമം പാലിച്ചിട്ടില്ല.

a) വാർഷികകണക്കുകളിൽ മാറ്റം വരുത്തിയത് ഭരണസമിതിയുടെ അംഗീകാരം ഇല്ലാത്തെയാണ്.

b)വാർഷിക കണക്കുകളിൽ വരുത്തിയ മാറ്റം ഭരണവകുപ്പിന് അറിയിച്ചിട്ടില്ല.

c) ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിൽ മാറ്റം വരുത്തുമ്പോൾ ഇത് സംബന്ധിച്ച വിശദമായ കുറിപ്പുകൾ സഹിതം സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിച്ച് അനുമതി വാങ്ങേണ്ടതാണ്.എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാർഷിക കണക്കുകളിൻമേലുള്ള മാറ്റം വരുത്തിയത്.

3) 2016-17 വാർഷിക കണക്കുകളിലും സുലേഖയിലും ചെലവ് രേഖപ്പെടുത്തിയ പ്രോജക്ടിന് തളിപ്പറമ്പ് സബ്ട്രഷറിയിൽ നിന്നുള്ള 27-06-2017 ലെ നോൺപെയ്മെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ മുൻവർഷത്തെ കണക്കുകളിൽ ക്രമീകരണം വരുത്താതെയാണ് 2017-18 വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചത്.

4) ലൈഫ് മിഷൻ പദ്ധതിക്ക് വേണ്ടി കേരള ഗ്രാമീൺ ബാങ്ക്,ചൊറുകള ശാഖയിൽ ആരംഭിച്ച ഭവനനിധി (നം 40508101031450)വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,തളിപ്പറമ്പ് ശാഖയിൽ ഇ-സാന്റ് അക്കൌണ്ടിൽ (നം 67191507739) 31-03-2017 ലെ 2896 രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു.2017-18 കാലയളവിൽ പ്രസ്തുത അക്കൌണ്ടിൽ ചെലവ് ഒന്നും തന്നെയില്ല.31-03-2018ൽ നീക്കിയിരിപ്പ് തുക പൂജ്യം ആണ്. അക്കൌണ്ടിൽ മിനിമം ബാലൻസ് തുക ഇല്ലാത്തതിനാൽ അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള മുഴുവൻ തുകയും ബാങ്ക് ചാർജ്ജായി ഈടാക്കിയത്

ശരിയല്ല.ആയത് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വികരിച്ചിട്ടില്ല

6) വസതു നികുതി - സഞ്ചയയിൽ നിന്നുള്ള ഡി സി ബി പ്രകാരമുള്ള ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ വിവരങ്ങൾ സമ്പൂർണ്ണമല്ല.

8) ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ 1-14(a)Decentralised plan programme(service sector) എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ട താഴെ പറയുന്ന ചെലവുകൾ I-14Decentralised plan programme(productve sector)എന്ന ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

9) നിർവ്വഹണ ഏജൻസിക്ക് അഡ്വാൻസായി നൽകിയ താഴെ പറയുന്ന തുകകൾ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1) 14/18 -സമ്പൂർണ്ണ വൈദ്യുതികരണം – 607969

2)12/18പാതയോളിൽ ഉൾപ്പെടുത്തിയിട്ടില്ല. LED -799950

## 1-13 പദ്ധതി ആസൂത്രണം -അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് പട്ടിക 3 ൽ ഗ്രാമപഞ്ചായത്ത് അനുവർത്തിക്കേണ്ട ചുമതലകളെ പറ്റി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.അതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലകാലങ്ങളായി ഏൽപ്പിച്ചുകൊടുക്കുന്നതുമായചുമതലകൾ നിറവേറ്റുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ(2017-22) ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)നം.72/തസ്വഭവ,തീ.29.03.17) ഉത്തരവിലെ അനുബന്ധം ഖണ്ഡിക 2 ൽ പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം മുതൽ നടത്തിപ്പ് വരെയുള്ള ഒമ്പത് ഘട്ടങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.ആസൂത്രണ സമിതിയുംവർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ

(എ) ആസൂത്രണസമിതി

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ,വികസനരേഖ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ആസൂത്രസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും

16-01-2017 ന് മുമ്പായി രൂപീകരിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. 17-01-2017 തീയതിയിലെ 15/2017 നമ്പർ തീരുമാന പ്രകാരം 12 അംഗ ആസൂത്രണ സമിതിയും 12വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗതീരുമാനം അനുസരിച്ച് 17-1-2017ന് ആസൂത്രണസമിതി രൂപീകരിച്ചിരുന്നുവെങ്കിലും, സർക്കാർ ഉത്തരവ് പ്രകാരം ഫോറം 1ൽ നടപടിരേഖ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ആസൂത്രണ സമിതി അതിന്റെ ചുമതലകൾ പൂർണ്ണതയിൽ നടപ്പിലാക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. വളരെ പരിമിതമായി മാത്രമേ ചർച്ചകളും തീരുമാനങ്ങളും സംബന്ധിച്ച വിവരങ്ങൾ മിനട്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ ആസൂത്രണസമിതി അതിന്റെ ചുമതലകൾഎത്രമാത്രം ഫലപ്രദമായി നിർവ്വഹിച്ചിട്ടുണ്ട് എന്ന് പരിശോധിക്കാൻ സാധ്യമായിട്ടില്ല. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും നിർണ്ണായക ചുമതലകളുള്ള ആസൂത്രണസമിതിയുടെ പ്രവർത്തനം മിനുട്സിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഈ കാര്യം ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് ഉചിതമല്ല.

2017-18 പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി ആകെ രണ്ട് യോഗങ്ങൾ

ചേർന്നിട്ടുണ്ട്(4-03-2017,27-3-2017) രണ്ട് യോഗത്തിന്റെയും യോഗ മിനട്സിൽ അജണ്ട രേഖപ്പെടുത്തിയിട്ടില്ല. ആസൂത്രണ സമിതിക്കായി പ്രത്യേകം മിനുടസ് ബുക്ക് ഇല്ല. ജനറൽ മിനുട്സിലാണ് യോഗനടപടികൾ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ തൻവർഷം 15-2-18, 12-3-18 എന്നീ തീയ്യതികളിൽ 2018-19 വാർഷീക പദ്ധതിയുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതിയോഗം ചേർന്നിട്ടുണ്ട് .

(ബി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ ഊരുക്കൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസനസെമിനാറിന്റേയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ട് പ്രധാനചുമതലകൾ. പഞ്ചായത്തിന്റെ 17-01-2017 തീയതിയിലെ 15/2017 തീരുമാനപ്രകാരം 12 വർക്കിങ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

പൊതുവെ വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളിലും തീരുമാനങ്ങളിലും പദ്ധതി നടത്തിപ്പുമായി നേരിട്ട് ബന്ധപ്പെടുന്നകാര്യങ്ങൾ മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പുകളിൽ വിവിധ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതിന്റെ വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുന്നില്ല. തീരുമാനങ്ങൾ മാത്രം അവസാനം രേഖപ്പെടുത്തുന്ന അവസ്ഥയാണ് നിലവിലുള്ളത്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലയുമായി ബന്ധപ്പട്ട കാര്യങ്ങളും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ പെടുന്ന മറ്റ് കാര്യങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.10/2017 തീയ്യതി 9-1-2017 പ്രകാരം വർക്കിംങ് ഗ്രൂപ്പ് അംഗങ്ങളുടെ എണ്ണം പരമാവധി 15 ആണ് .ഭൂരിഭാഗം വർക്കിംങ് ഗ്രൂപ്പുകളിലയും അംഗസംഖ്യ 15 ൽ കൂടുതൽ ആണ്. വർക്കിംങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിന്റെ രേഖപ്പെടത്തലുകൾ മിനുട്സ് ബുക്കിൽ ഇല്ല. (ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തീയതി- 29-03-2017 ലെ ഖണ്ഡിക 14-6 (2) അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2.വികസനരേഖ തയ്യാറാക്കൽ

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാരേഖയിലെ സ്ഥിതിവിവരകണക്കുകളും പ്രൊജക്ടുകളെ സംബന്ധിച്ച നിഗമനങ്ങളും വിശദമായി തന്നെ വികസനരേഖയിൽ പ്രതിഫലിക്കുന്നുണ്ട്.

3.ഗ്രാമസഭകൾ യോഗം ചേരൽ

പദ്ധതി ആസൂത്രണത്തിലെ മൂന്നാം ഘട്ടമെന്ന് പറയുന്നത് ഗ്രാമസഭകൾ യോഗം ചേരലാണ്. 2017-18 വർഷം 17 ഗ്രാമസഭകളും 4 വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഗ്രാമസഭകളും ചേർന്നിട്ടുണ്ട്.

(ഉദാഹരണം വാർഡ് 12)

| ഒന്നാം ഗ്രാമസഭ<br>8-4-17 | രണ്ടാം ഗ്രാമസഭ<br>5-7-17 | മൂന്നാം ഗ്രാമസഭ<br>23-11-17 | നാലാം ഗ്രാമസഭ<br>21-2-2018 |
|---|---|---|---|
| 1. പതിമൂന്നാം പഞ്ചവത്സര പദ്ധതി<br>2. 2016-17 വരവ് ചെലവ് കണക്ക് | 1. 2017-18 വർഷത്തെ വാർഷിക പദ്ധതി ഗുണഭോക്തൃ | 1.ലൈഫ് പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ ,<br>2. 2017-18 വർഷത്തെ വാർഷിക പദ്ധതി ഗുണഭോക്തൃ | 1. 2017-18 പദ്ധതി അവലോകനം, 2018-19 പദ്ധതി രൂപീകരണം |

| | | | |
|---|---|---|---|
| അംഗീകരിക്കൽ<br>3. പെൻഷൻ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ<br>4. 2016-17 പദ്ധതി അവലോകനം<br>5. മഹാത്മഗാന്ധി എൻ.ആർ.ഇ.ജി.എ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവലോകനം | തെരെഢഞ്ഞെടുപ്പ്<br>2. സമ്പൂർണ്ണ ശുചിത്വം | തെരെഞ്ഞെടുപ്പ്- ബ്ലോക്ക് പഞ്ചായത്ത്നടപ്പാക്കുന്ന മണ്ണുജലസംരക്ഷണത്തിന് ഫലവൃക്ഷത്തൈ (ഗ്രൂപ്പുകൾക്ക്),വനിത സ്വയം തൊഴിൽ സംരംഭകത്വം ആരംഭിക്കൽ, സ്വയം സഹായ സംഘങ്ങൾക്ക് തൊഴിൽ സംരംഭം - റിവോൾവിങ് ഫണ്ട്.<br>3.മഹാത്മഗാന്ധി എൻ ആർ ഇ ജി എ ആക്ഷൻ പ്ലാൻ ലേബർ ബജറ്റ് അംഗീകരിക്കൽ | 2. അംഗനവാടി സോഷ്യോ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്<br>3. 2016-17 ഓഡിറ്റ് റിപ്പോർട്ട്<br>4. കുഷ്ഠരോഗ നിർമ്മാർജ്ജനം ബോധവത്കരണം സംബന്ധിച്ച്<br>5. ഗുണഭോക്തൃ പട്ടിക അംഗീകരിക്കുന്നത് സംബന്ധിച്ച്. |

ഗ്രാമ സഭയിലെ ഹാജർനില 10% നും 20% നും ഇടയിലാണ്. ഗ്രാമസഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4.വികസന സെമിനാർ

25-04-2017 തീയതിയിൽ നടന്ന വികസനസെമിനാറിൽ 212 പേർ പങ്കെടുത്തിട്ടുണ്ട്. . വികസനസെമിനാറിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കേണ്ട 131പദ്ധതികളും 82സ്പിൽ ഓവർ പദ്ധതികളും സംബന്ധിച്ച് രേഖപ്പെടുത്തൽ വികസന സെമിനാറിന്റെ മിനുട്സിൽ വന്നിട്ടില്ല. എന്നാൽ ചില വർക്കിങ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തൽ വന്നിട്ടുണ്ട്. കരട് പദ്ധതി നിർദ്ദേശങ്ങൾ കൃത്യമായി വർക്കിങ് ഗ്രൂപ്പ് മിനുട്സിലും വികസന സെമിനാർ മിനുട്സിലും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് ചർച്ച നടന്നിട്ടുണ്ടെന്നും പദ്ധതിയുടെ പൊതുവായ വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ എന്നിവ ചർച്ച ചെയ്തിട്ടുണ്ടെന്നും ഓഡിറ്റിന് വിലയിരുത്താൻ സാധിക്കുന്ന തരത്തിലുള്ള രേഖപ്പെടുത്തൽ മിനുട്സിൽ ഇല്ല.

സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള മീറ്റിംഗ് 16-3-17 ന് നടന്നിട്ടുണ്ട്. ഭരണസമിതി അംഗങ്ങൾ ഉൾപ്പെടെ 36 പേർ പങ്കെടുത്തിട്ടുണ്ട്. എന്നാൽ മിനുട്സിൽ അജണ്ട, ചർച്ചകൾ, നിർദ്ദേശങ്ങൾ , തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5.വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടിന്റെ അടങ്കൽ തുകയെ കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടില്ല. .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളായ പദ്ധതി ആസൂത്രണത്തിൽ വിഭവസ്രോതസുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക ,പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തിയതായും തീരുമാനങ്ങൾ എടുത്തതായും രേഖപ്പെടുത്തലുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ ഇല്ല (ജി.ഒ(എം.എസ്)നം.72/2017 /തസ്വഭവ തീയതി- 29-03-2017 അനുബന്ധം- 3 ഖണ്ഡിക 1 കാണുക) . മിനുട്സിൽ നടപടി ക്രമങ്ങളും തീരുമാനങ്ങളും കൃത്യമായി രേഖപ്പെടുത്താൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

വികസനസ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണനടപടികൾ ചർച്ച ചെയ്തിട്ടുണ്ട്

മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മറ്റികൾ, സ്റ്റിയറിംഗ് കമ്മറ്റി, ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ സമന്വയിപ്പിച്ച് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതി നേതൃത്വപരമായ പങ്ക് നിർവഹിച്ചിട്ടുണ്ട്.

6.പ്രൊജക്ടുകൾ തയ്യാറാക്കൽ.

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രൊജക്ട് നിർദേശങ്ങളും ആദ്യം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കുകയും തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തിട്ടുണ്ട്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങളിലെ ഖണ്ഡിക 6.2 പ്രകാരം സുലേഖ സോഫ്റ്റ് വെയറിൽ പതിവു രീതിയിൽ പ്രൊജക്ടിന്റെ കണക്കുകൾ നൽകുന്നതിനോടൊപ്പം പ്രൊജക്ടിനെ കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിന് ലളിതമായ ഭാഷയിൽ ഒരു പ്രൊജക്ട് നിർദേശം കൂടി തയ്യാറാക്കി ചേർക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ പല നിർവ്വഹണോദ്യോഗസ്ഥരും ഈ നിർദേശം പാലിച്ചതായി കാണുന്നില്ല. നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കിയിട്ടുള്ള പ്രൊജക്ട് വർക്കിംഗ് ഗ്രൂപ്പ് ചെയർ പേഴ്സണും കൺവീനറും സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന നിർദേശം പാലിച്ചിട്ടില്ല.

7.വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

താഴെ കൊടുത്ത പ്രകാരം ജില്ല ആസൂത്രണ സമിതിയിൽ നിന്നും പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 213 |
| പുതിയ പ്രൊജക്ടുകൾ | 131 |
| സ്പിൽ ഓവർ പ്രൊജക്ടുകൾ | 82 |
| ആകെ അടങ്കൽ | 88986680 |
| ആകെ ചെലവ് | 54858822 |
| പൊതു വിഭാഗം | 202 |
| പട്ടികജാതി വിഭാഗം | 10 |
| പട്ടികവർഗ്ഗ വിഭാഗം | 1 (തിരിച്ചടവ് ) |
| നൂതന പ്രൊജക്ടുകൾ | തയ്യാറാക്കിയിട്ടില്ല. |

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 ൽ പരാമർശിച്ച പ്രകാരമുള്ള നൂതന പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. പട്ടികജാതി വിഭാഗത്തിന് തയ്യാറാക്കിയിട്ടുള്ള 10 പ്രോജക്ടുകൾക്കായി ആകെ അടങ്കൽ 3033792 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 2240523 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

8.പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചയുടനെ തന്നെ ബന്ധപ്പെട്ട

വെറ്റിംഗ് ഓഫീസർക്ക് അയച്ചു നൽകിയിട്ടുണ്ട്. പ്രസ്തുതവെറ്റിംഗ് ഉദ്യോഗസ്ഥർ ഓരോ പദ്ധതികളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നവയാണെന്ന് വിലയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് പരിശോധനക്ക് ശേഷം സാമ്പത്തികാധികാരപരിധിക്ക് വിധേയമായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

9.വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണോദ്യോഗസ്ഥർ ഇനം തിരിച്ചുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | ആരംഭിച്ചവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 31 | 24 | 77.42 | 10126118 | 5157520 | 50.93 |
| കൃഷി ഓഫീസർ | 6 | 6 | 100 | 4635480 | 2750736 | 59.34 |
| വെറ്റിനറി | 8 | 7 | 87.5 | 2445461 | 1364314 | 55.78 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 10 | 10 | 100 | 1850000 | 1777531 | 96.08 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 100000 | 100000 | 100 |
| വി ഇ ഒ (കുറുമാത്തൂർ) | 4 | 3 | 75 | 3200000 | 1874472 | 58.58 |
| വി ഇ ഒ(പന്നിയൂർ) | 4 | 4 | 100 | 1549999 | 1244999 | 80.32 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 5 | 5 | 100 | 6799752 | 6057817 | 89.08 |
| അസിസ്റ്റന്റ് | 133 | 91 | 68.42 | 55340370 | 32064847 | 57.94 |

| | | | | | | |
|---|---|---|---|---|---|---|
| എഞ്ചിനീയർ | | | | | | |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 100 | 1097500 | 935522 | 85.24 |
| ഹെഡ് മാസ്റ്റർ | 4 | 3 | 75 | 1242000 | 951064 | 76.58 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 100 | 600000 | 580000 | 96.66 |
| ആകെ | 213 | 161 | 75.58 | 88986680 | 54858822 | 61.65 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 14.7 പ്രകാരം പദ്ധതി നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഒരു സമയപട്ടിക നിശ്ചയിക്കേണ്ടതും നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലേയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അപ്രകാരമുള്ള സമയപട്ടിക നിശ്ചയിച്ചിട്ടില്ല. ആകെ രൂപീകരിക്കപ്പെട്ട 213 പ്രോജക്ടുകളിൽ 161 എണ്ണമാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് യഥാസമയം തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ , മെഡിക്കലാഫീസർ പി എച്ച് സി (ആലോപ്പതി),മെഡിക്കലാഫീസർ (ഹോമിയോ), ഹെഡ്മാസ്റ്റർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

10.സദ്ഭരണം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി (2017-18) തയ്യാറാക്കൽ- മാർഗ്ഗ നിർദ്ദേശങ്ങളിലെ (ജി.ഒ(എം.എസ്) നം.72/2017/തസ്വഭവ, തീയ്യതി 29.03.2017) ഖണ്ഡിക 13.7 പ്രകാരം സുതാര്യത, ജനപങ്കളിത്തം, തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാര്യക്ഷമതയും നീതിപൂർവ്വകവും നിയമവാഴ്ചയിൽ അധിഷ്ഠിതവുമായ ഒരു ഭരണം കാഴ്ചവെക്കുന്നതിനായി ഒരോ തദ്ദേശഭരണസ്ഥാപനവും സദ്ഭരണത്തിനായി ഒരു പദ്ധതി രൂപപ്പെടുത്തി പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടതും അതിനനുസൃതമായി പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ സംവിധാനമേർപ്പെടുത്തൽ എന്ന പ്രോജക്ട് (പ്രോജക്ട് നമ്പർ 33/2018 ,അടങ്കൽ 188200 രൂപ)2017-18 ൽ സ്പിൽ ഓവർ ആയി വെച്ചിരുന്നുവെങ്കിലും തൻവർഷം നടപ്പിൽ വരുത്തുകയുണ്ടായില്ല.

11.പൗരാവകാശരേഖ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 272 എ അനുസരിച്ച് എല്ലാ പഞ്ചായത്തുകളും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ് . പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതുപ്രകാരം അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രിക ഗ്രാമപഞ്ചായത്ത് 2018 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അപാകങ്ങൾ

1.തൊഴിൽ നികുതി ഈടാക്കിയില്ല

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വാർഡ്/കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | ഓജസ് ന്യൂട്രിമിക്സ് യൂണിറ്റ് | IX 603,604,605 | 5 |
| 2 | ഫാത്തിമ ആശുപത്രി | IV 715 | 3 |
| 3 | ആയുർവേദ ക്ലിനിക്/അനൂജ എ. | X 478-B | 3 |
| 4 | പ്രമോദ് എം./സ്റ്റാർ ബാഗ്സ് | IV 280 C | 3 |
| 5 | പ്രശാന്ത് എം.വി./എമെയ്സ് ബിസിനസ് കോർപ്പറേഷൻ ഫുഡ്&സ്റ്റേഷനറി | IV 343 A,B,C,D, E,F,G | 4 |
| 6 | കെ.എസ്.സിയാദ്/പ്രസ്റ്റീജ് വുഡ് | VII 263 | 14 |
| 7 | നിതീഷ് പി./ABAPT-IT Innovations | XII 112 A | 4 |
| 8 | കെ.പി.അബ്ദുൾ ഖാദർ ഹാജി/ബദരിയ സോ മിൽ | VI 240,241 | 7 |
| 9 | കേളോത്ത് വളപ്പിൽ മുഹമ്മദ് കുഞ്ഞി/വുഡ് കോ വുഡ് ഇൻഡസ്ട്രീസ് | XVII 316B | 8 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

2. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ ,ഡ്രൈവിംഗ് സ്കൂളുകൾ, പൊതുവിതരണ സ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്ന കോൺട്രാക്ടർമാർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) മുതലായ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന വിവിധ പ്രവർത്തികളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർ മുതലായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡിലും പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ വിവരം ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നത് വഴി ഗ്രാമ പഞ്ചായത്തിലെ എല്ലാ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയോ എന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരികളിൻ നിന്നും തൊഴിൽ നികുതി ഈടാക്കി

എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്. 205 ബി. പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം , ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാര നോടും ,ഹോട്ടലിന്റെയോ ,ബോർഡിംഗിന്റെയോ ,ലോഡ്ജിംഗ് ഹൗസിന്റെയോ, ക്ലബ്ബി ന്റെയോ താമസത്തിനുള്ള മുറികളുടെയോ ഏതൊരു നടത്തിപ്പുകാരനോടും അല്ലെങ്കിൽ മാനേജരോടും ആ കെട്ടിടമോ, ഭൂമിയോ ,ഹോട്ടലോ ,ബോർഡിംഗോ ,ലോഡ്ജിംഗ് ഹൗസോ ,ക്ലബ്ബോ,താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും ,അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ കലയേയോ ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക ഏതെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചു കൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് ,നിർദ്ദിഷ്ട സമയത്തിനുള്ളിൽ ,സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല.ഇത്തരം നടപടികളിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

## 2-2 ലേലം നടപടികൾ സ്വീകരിച്ചില്ല

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മുയ്യം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ചെയ്യുന്നതിനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുയ്യം കനാലിന്റെ മുകളിലുള്ള 16511/- രൂപ മൂല്യം കണക്കാക്കപ്പെട്ട11 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് 8-12-2017 ലെ കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ ഉത്തരവ് നമ്പർ.ബി.2030/2017(തൽ തീർപ്പ്) പ്രകാരം സെക്രട്ടറിക്ക് നൽകിയ ഉത്തരവിൽ മുറിക്കാൻ അനുമതി നൽകിയ മരങ്ങൾക്ക് പുറമെ സമീപത്തുള്ള മരങ്ങൾ കൂടി മുറിച്ച് മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ മരങ്ങൾ മുറിക്കുമ്പോൾ താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പ്രസ്തുത സ്ഥലത്ത് ഉണ്ടായിരിക്കണം എന്നും, ലേലം ചെയ്യുന്ന മുറസ്സ് ലേല സംഖ്യയും, ജി.എസ്.ടി നിരക്ക്, ഉൾപ്പെടെയുള്ള ആകെ തുകയിന്മേൽ 5% വനവികസന നികുതികൂടി ലേലക്കാരിൽ നിന്നും ഈടാക്കി ട്രഷറിയിൽ ഒടുക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മരങ്ങൾ നിലവിൽ മുറിച്ച് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ലേലം നടത്തിയിട്ടില്ലാ എന്നും എത്രയും പെട്ടെന്ന് ലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. 8-12-2017 ൽ കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ ഉത്തരവ് ലഭ്യമായിട്ടും മരങ്ങൾ മുറിച്ചു മാറ്റുന്നതിനോ, ലേലം നടത്തുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് 13-ാം വാർഡിൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന് മുൻപിലായി സ്ഥിതി ചെയ്യുന്ന ബഹുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഉള്ള മുറികൾക്ക് നമ്പർ നൽകി(KP13/483,484,485,486, 487,488,489,490,491,492,493,493A)വസ്തു നികുതി ഈടാക്കുന്നുണ്ട്.എന്നാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണം പൂർത്തിയാക്കിയ മുകൾ നിലകളിലെ മുറികൾക്ക് നമ്പർ നൽകുകയോ വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.മേൽ കെട്ടിടത്തിന് യു.എ.നമ്പർ നൽകുകയോ നിയമാനുസൃതമായ അധിക നികുതി ചുമത്തുകയോ ചെയ്തിട്ടില്ല.എന്നാൽ ഈ കെട്ടിത്തിന് എതിരെ അനധികൃത കെട്ടിടത്തിനെതിരെ എടുക്കേണ്ട യാതൊരു നടപടികളും എടുത്തിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ഫീൽഡ് സ്റ്റാഫ് നൽകാറുണ്ട് എന്ന് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ ഇത്തരം റിപ്പോർട്ടുകൾ ഫലപ്രദമല്ല എന്നതിന്റെ തെളിവാണ് ഗ്രാമ പഞ്ചായത്തിന്റെ മുൻപിലായി വർഷങ്ങളായി നില നിൽക്കുന്ന മേൽ കെട്ടിടം.കൂടാതെ ഇതേ കെട്ടിടത്തിന്റെ താഴത്തെ നിലയിലെ മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വർഷം തോറും പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നവയാണ്.ഈ സാഹചര്യത്തിൽ ഇത്തരം അനധികൃത നിർമ്മാണം ശ്രദ്ധയിൽ പെടുകയോ അതിനെതിരെ നടപടി എടുക്കുകയോ ചെയ്യാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച്ചയായി

ഓഡിറ്റ് വിലിരുത്തുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിൽ അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അതിനെതിരെ നടപടിയെടുക്കേണ്ടതുമാണ്.ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തില്ല

ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് പഞ്ചായത്തിൽ 2017-18 വർഷം ഇ ടെണ്ടർ മുഖേന 36 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും അടക്കമുള്ള തുക 66690/- രൂപ എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കൽ -സംയുക്ത പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

തെരുവ് വിളക്കുകളുടെ ചാർജ്ജ് ഇനത്തിൽ മാർച്ച് 2017 , എപ്രിൽ 2017 മാസങ്ങളിലെ ഉപയോഗത്തിന് പ്രതിമാസം 20119/- രൂപ വീതവും മെയ് 2017 മാസം മുതൽ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് താഴെ പട്ടികയിൽ പറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ചതായി കെ എസ് ഇ ബി അറിയിച്ചതനുസരിച്ച് പ്രതിമാസം 30158/- രൂപ വീതവും അടച്ചിട്ടുണ്ട് (ആകെ 341818/- രൂപ) . ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം SVL , CFL വിളക്കുകൾ കൃത്യമായി സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും MFL വിളക്കുകളുടെ വിവരങ്ങൾ സ്റ്റോക്കിൽ ഉൾപ്പെട്ടിട്ടില്ല.

| Type of Lamp | Watt | No of lamps | Rate | Total Amount |
|---|---|---|---|---|
| MFL | 40 | 67 | 66 | 4422 |
| SVL | 250 | 20 | 447 | 8940 |
| CFL | 2X18 | 323 | 52 | 16796 |
| Total | | | | 30158 |

പട്ടികയിൽ പരാമർശിച്ച പ്രകാരം തെരുവ് വിളക്കുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് (സ. നം, 65529/ഡി സി 3/ ത സ്വ ഭ വ 12.03.13 ലെ നിർദ്ദേശ പ്രകാരം) വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും പ്രവർത്തനക്ഷമമായ വിളക്കുകൾക്ക് മാത്രമേ ചാർജ്ജ് ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-2 സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം ഒടുക്കുന്നു

2017 -18 വർഷം പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 12 ടാപ്പുകളുടെ ഉപയാഗത്തിന് 5250/- രൂപ

നിരക്കിൽ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ 63000/- രൂപ ഒടുക്കിയിട്ടുണ്ട് . സ ഉ (സാ) 1275/2009/ത സ്വ ഭ വ 30.05.2009 (2.1 ഖ) പ്രകാരം പൊതുടാപ്പുകളുടെ എണ്ണവും പ്രവർത്തനവും ജലവിതരണവും ശുചിത്വവും എന്ന മേഖലക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും ജല അതോറിറ്റിയുടെയും സഹായത്തോടെ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്. ആയതുപ്രകാരം തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിനായി ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കേണ്ടതാണ് എന്നും നിർദ്ദേശമുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രമേ ചാർജ്ജ് അടക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 പശ്ചിമ ഘട്ടവികസനം-പദ്ധതി നിർവ്വഹണം - ഗുണഭോക്താക്കൾ എസ് സി / എസ് ടി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

കണ്ണൂർ ജില്ലാ കളക്ടറുടെ ഓർഡർ നം 870/13/WGDP/DPO/KNR(RO II) SC ST(4)24.02.14 പ്രകാരം വെജിറ്റബിൾ ഗാർഡനിംഗ് എന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 10 സെന്റ് വീതമുള്ള ഒരു യൂനിറ്റിന് 4000/- രൂപ (80% wgdp 10% ഗ്രാമ പഞ്ചായത്ത്, 10% ഗുണഭോക്തൃ വിഹിതം) എന്ന നിരക്കിൽ നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേഷൻ അനുമതി നൽകിയിട്ടുണ്ട് .പദ്ധതിക്കായി അനുവദിച്ച 160000/- രൂപയിൽ 99200/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗുണഭോക്താക്കൾ എസ് സി / എസ് ടി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-4 മഴൂർ ശ്മശാനത്തിന് കുഴൽ കിണർ നിർമ്മാണം പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് ; 140/18 മഴൂർ ശ്മശാനത്തിന് കുഴൽ കിണർ നിർമ്മാണം വകയിരുത്തിയ തുക : 80000 (തനത്)

ചെലവ് തുക 38000 (ചെക്ക് നം6494332/07.03.18)

മേൽ പ്രൊജക്ട് പ്രകാരം മഴൂർ ശ്മശാനത്തിന് കുഴൽ കിണർ നിർമ്മിക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിന്റെ GW/KNR/3006/17-18/07.03.18 കത്തിനോടൊപ്പം സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 38000/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ച് കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-5 എൽ ഇ ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് ; 12/18 എൽ ഇ ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കല്

വകയിരുത്തിയ തുക : 800000(വികസന ഫണ്ട്)+

50000 (തനത്)

8,50,000/-

ചെലവ് തുക :799950(ബിൽ നം. 37/26.03.18)

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിലേക്കായി

കെ എസ് ഇ ബി യിൽ നിന്നുള്ള OB/10/17-18/AE/KBM/174/22.03.18 കത്ത് പ്രകാരം 799950/- രൂപ കെ എസ് ഇ ബി കരിമ്പം സെക്ഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-6 മരുന്നുകൾ ലഭ്യമാക്കാൻ കാലതാമസം

മെഡിക്കൽ ഓഫീസർ ,കുറുമാത്തൂർ പി.എച്ച്.സി.നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികളിൽ മരുന്ന് വാങ്ങുവാൻ തുക മുൻകൂറായി നൽകിയിട്ടുണ്ട് ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം./പേര് | ചെലവഴിച്ച തുക/ബിൽ നം.തിയ്യതി | ലഭ്യമായ മരുന്ന് | ലഭിക്കാൻ ബാക്കിയുള്ളത് | മരുന്ന് ലഭ്യമാക്കേണ്ട സ്ഥാപനം |
|---|---|---|---|---|
| 144/18<br>ഇതര സംസ്ഥാന തൊഴിലാ ളികളുടെ ആരോഗ്യ പരിരക്ഷ | JC No.6494337/<br>09-03-2018<br>₹15000 | - | ₹15000 | കെ.എം.എസ്.സി.എൽ |
| 36/18<br>പാലിയേറ്റീവ് കെയർ | 5/17-18 /22-12-2017<br>₹80000 | ₹53193 | ₹26807 | കെ.എം.എസ്.സി.എൽ |
| 53/18<br>പി.എഎച്ച്.സി ക്ക് ആവശ്യമായ മരുന്ന് വാങ്ങൽ | ₹99630 | ₹78893 | ₹20737 | കെ.എം.എസ്.സി.എൽ |
| 145/18<br>പകർച്ച പകർച്ചേതര | ₹12000 | ₹5461 | ₹6539 | കെ.എം.എസ്.സി.എൽ |

| | | | | |
|---|---|---|---|---|
| വ്യാധികളുടെ നിയന്ത്രണം | | | | |

ബാക്കിയുള്ള മരുന്ന് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുമ്പോൾ സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 പ്രൊഫഷണൽ കോളെജ് വിദ്യാർത്ഥികൾക്ക് ധനസഹായം നൽകൽ -ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി -30000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ | പട്ടികജാതി പ്രൊഫഷണൽ കോളെജ് വിദ്യാർത്ഥികൾക്ക് ധനസഹായം നൽകൽ |
| നമ്പർ | 101/18 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തിയ തുക | 200000/-(വികസന ഫണ്ട്) |
| ചെലവ് തുക | :ബിൽ നം-3/17-18,17-11-17,തുക 80000/-,<br>:ബിൽ നം-5/17-18,10-1-18, തുക 75000/-<br>:ബിൽ നം-6/17-18, 12-3-18,തുക 45000/- |

മേൽ പദ്ധതി പ്രകാരം 200000/-രൂപ ചെലവഴിച്ച് പ്രെഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപെട്ട 11വിദ്യാർത്ഥികൾക്ക്(8പേർക്ക് 15000/- രൂപ വീതവും,2 പേർക്ക് 30000/- രൂപ വീതവും,ഒരാൾക്ക് 20000/- രൂപയും) ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ നം-6/17-18 ,തീ 12-3-18 പ്രകാരം മാറിയ 45000/-രൂപയിൽ നിന്നും 15000/- രൂപ വിതം ഐശ്വര്യ.പി, നീതുല.ടി എന്നിവരുടെ അക്കൌണ്ടിലെക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഐശ്വര്യ.പി, നീതുല.ടി എന്നിവർ ഉൾപ്പെട്ടിട്ടില്ല.ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകാൻ ഉണ്ടായകാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(-4 /17-18/ തീയ്യതി : 29.10.2018) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കപ്പെട്ട ഐശ്വര്യ.പി, നീതുല.ടി എന്നിവർ ഗുണഭോക്താകൾ ആകാൻ അർഹതയുള്ളവർ ആയിരുന്നു

എന്നും,പട്ടികജാതി ജനസംഖ്യകുറവായതിനാൽ വിവിധ ആനുകൂല്യത്തിനുള്ള അപേക്ഷയും കുറവായിരുന്നുവെന്നുമാണ് വിശദീകരിച്ചത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയ 30000/-രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നൽകൽ പദ്ധതി -ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്റ്റിന്റെ | പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ |
| നമ്പർ | 102/18 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തിയ തുക | 105000/-വികസന ഫണ്ട്<br>2950 /-തനത്ഫണ്ട്<br>5000 /-ഗുണഭോക്തൃ വിഹിതം |
| ചെലവ് തുക | തുക83400/-,ബിൽ നം (8/ 26.03.18) |

സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ.80/2017/തസ്വഭവ,തീയ്യതി 3-4-2017ൽ 11.8(9) പ്രകാരം പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട, തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ് എന്നും,5% ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കേണ്ടതാണ് എന്നും പറയുന്നുണ്ട്. പദ്ധതി പ്രകാരം പട്ടികജാതിയിൽപെട്ട 10 മുതൽ 15വരെ അംഗങ്ങൾ ഉള്ള രണ്ട് ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങിനൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് ,പ്രോജക്റ്റ് എന്നിവ പ്രകാരം ഗ്രൂപ്പുകളെ ഗ്രാമസഭ വഴി തെരഞ്ഞെടുക്കുകയും, ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതനുസരിച്ച് ഉപകരണങ്ങൾ ഗ്രൂപ്പുകൾക്ക് നൽകുകയും ചെയ്യാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ യാതൊരു രേഖയും ഫയലിൽ നിന്ന് ലഭ്യമായിട്ടില്ല. ഗുണഭോക്തൃ വിഹിതം കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കണം എന്നിരിക്കെ വികസനഫണ്ടിൽ നിന്നുമാത്രം 83400/- രൂപ ചെലവഴിച്ച് വാദ്യോപകരണങ്ങൾ വാങ്ങാൻ ഉണ്ടായകാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 4 /17-18/ തീയ്യതി : 29.10.2018) ന് ഗുണഭോക്തൃ വിഹിതം ഇനത്തിൽ 2500/- രൂപ വീതം രണ്ട് ഗ്രൂപ്പുകളും ഒടുക്കിയിട്ടുണ്ട് എന്നും, അടങ്കൽ തുകയിൽ വകയിരുത്തപ്പെട്ട വികസനഫണ്ട് തുക വാദ്യ ഉപകരണം വാങ്ങിയ ഇനത്തിൽ പര്യാപ്തമായതിനാൽ വികസനഫണ്ട് ചെലവഴിച്ചതാണ് എന്നും അറിയിച്ചിട്ടുണ്ട്.സർക്കാർ ഉത്തരവ് പ്രകാരം ഗുണഭോക്തൃ വിഹിതം നിശ്ചയമായും പിരിച്ചെടുക്കേണ്ട സംഗതികളിൽ ആയതിന് വിരുദ്ധമായി വികസന ഫണ്ട് മാത്രം ചെലവഴിച്ച് പ്രോജക്റ്റ് നടപ്പാക്കിയത് ശരിയായ നടപടി അല്ല.പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം വികസന ഫണ്ടിലേക്ക് തിരിച്ചടച്ച് ക്രമീകരിക്കേണ്ടതാണ്.

## 3-9 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം-ഗുണഭോക്തൃ ലിസ്റ്റിൽ

## ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - 150000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം |
| നമ്പർ | 97/18 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തിയ തുക | 300000/- വികസന ഫണ്ട് |
| ചെലവ് തുക | തുക 75000/- ,ബിൽ നം 2/17-18,28.10.17<br>തുക 75000/- ,ബിൽ നം 4/17-18,10.1.18<br>തുക 75000/- ,ബിൽ നം 7/17-18,14.3.18 |

പദ്ധതി പ്രകാരം പട്ടികജാതിയിൽപെട്ട പെൺമക്കളുടെ വിവാഹ ധനസാഹയം ഇനത്തിൽ രക്ഷിതാകളായ ശാരദ.കെ, കാർത്ത്യായനി.സി, എന്നിവർ 75000/-രൂപ (ആകെ150000/- രൂപ) കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയ രണ്ടു പേരും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവരാണ്.ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കപ്പെട്ടതിനു ശേഷം നടന്ന വിവാഹങ്ങളിലെ രക്ഷിതാക്കൾ പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും,നിലവിലെ പ്രോജക്റ്റിൽ ഫണ്ട് ബാക്കിയുള്ളതിനാലും ആണ് ആനുകൂല്യം ലഭ്യമാക്കിയതെന്നും,അറിയ്ച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയ സാഹചര്യത്തിൽ അടുത്ത ഗ്രാമ സഭയോഗത്തിൽ പ്രസ്തുത നടപടിക്ക് ഗ്രാമ സഭയിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതായിരുന്നു. ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്തതും,ഗ്രാമ സഭയുടെ അംഗീകാരം ഇല്ലാത്തതിനാലും പട്ടികജാതിയിൽപെട്ട പെൺമക്കളുടെ വിവാഹ ധനസാഹയം ഇനത്തിൽ ചെലവഴിച്ച 150000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-10 ബഡ്സ് സ്കൂളിന് കെട്ടിട നിർമ്മാണ പ്രവൃത്തിയിലെ അപാകങ്ങൾ :- 25227/- രൂപ നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് നമ്പർ- 86/18 (ബഡ്സ് സ്കൂളിന് കെട്ടിട നിർമ്മാണം)

അടങ്കൽ- 3750000 (1384201/- വികസന ഫണ്ട്),

1115799 (തനത്)

1250000( മറ്റുള്ളവ)

ചെലവ്- 97211(വികസന ഫണ്ട്)ബിൽ നം 96/31.03.18

476204 (ബ്ലോക്ക് ഷെയർ)ചെക്ക് നം. SB/SC 2988855/30.03.18

കരാറുകാരന് നൽകിയത്- 547612

കരാറുകാരൻ പേര്-നിസാർ. പി

ബഡ്സ് സ്കൂളിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട എം ബുക്ക് നം 23/17-18 പരിശോധിച്ചതിൽ 2.7.1. Earth work excavation എന്ന ഇനം (ഇനം നം 1) 91.59 m3 പ്രവൃത്തി ചെയ്തിട്ടുണ്ട്. ആയത് എഗ്രിമെന്റ് പ്രകാരം 305 രൂപ നിരക്കിൽ 70.42 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്.(പേജ് നം 4). ഇനം 2 ൽ 50.2.26.1 എന്ന Filling with Contractors own earth എന്ന പ്രവൃത്തിക്ക് 275.44 രൂപ നിരക്കിൽ 160.50 m3 മണ്ണ് ഉപയോഗിച്ചിട്ടുണ്ട് (പേജ് നം 37 ) . ഇനം 1 ൽ നിന്നും ലഭിച്ച മണ്ണ് ഉപയോഗപ്രദമാണോ അല്ലയോ എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ സൈറ്റിൽ നിന്നും ലഭിച്ച (91.59 m3 ) മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് വിനിയോഗിക്കാത്തതിന്റെ കാരണം

വ്യക്തമാക്കിയിട്ടില്ല, മണ്ണ് റിഫില്ലിംഗ് പ്രവൃത്തിക്ക് ഉപയോഗിക്കാത്തതിനാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്.

ഇനം. 1 ൽ നിന്നും ലഭിച്ച 91.59 m3 മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ ഇനം .2 പ്രവൃത്തിക്കായി (160.50 m3 -91.59 m3) 68.91 m3 മണ്ണ് മാത്രമേ ആവശ്യമായി വരുമായിരുന്നുള്ളൂ. ആയതിനാൽ 91.59 m3 മണ്ണിന്റെ വിലയായ 25227/- രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ് . ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/17-18/ തീയ്യതി : 29.10.2018) മറുപടി ഹാജരാക്കിയിട്ടില്ല.

## 3-11 പ്രവൃത്തി പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം - നിയമനുസൃതമായ പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

കേരള പൊതുമരാമത്ത് മാന്വൽ 2012 (സ.ഉ (പി) 13/2012/P W D /01.02.12 ) പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘീകരണത്തിനുള്ള അപേക്ഷ കാലാവധി തീരുന്നതിന് മുമ്പായി അസി. എഞ്ചിനീയർ മുഖേന സമർപ്പിക്കേണ്ടതാണ്. ഒറ്റ തവണ ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിച്ച് കാലാവധി ദീർഘിപ്പിക്കാവുന്നതല്ല. പരമാവധി 50% ൽ കൂടുതൽ കാലാവധി ദീർഘിപ്പിക്കാൻ പാടുള്ളതല്ല. കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.കാലാവധി കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കി മാത്രം കാലാവധി ദീർഘിപ്പിക്കാം. ദീർഘീകരണം ലഭ്യമാക്കാതെ കാലാവധിക്ക് ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾ അനധികൃതമാണ്. 2017 -18 വർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയ കോൺട്രാക്ടർമാരിൽ നിന്നും പ്രവൃത്തി പൂർത്തിയാക്കുന്നതിലുണ്ടായ കാലതാമസത്തിന് നടപടി സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ആദ്യ തവണ 25% സമയം ദീർഘിപ്പിച്ച് നൽകിയതിന് PAC തുകയുടെ 1% (കുറഞ്ഞത് 1000 രൂപ പരമാവധി 50000) തുകയും ആദ്യ തവണക്ക് ശേഷം PAC തുകയുടെ 2% (കുറഞ്ഞത് 2000 രൂപ പരമാവധി 100000) എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്.

| പ്രൊജക്ട് നം / പേര്/ കോൺട്രാക്ടറുടെ പേര്/ എം ബുക്ക് നം | പ്രവൃത്തി ആരംഭിച്ച തിയ്യതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീ കരിക്കേണ്ട തിയ്യതി | പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | കാലതാമസം | PAC തുക | ബിൽ നം | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| 1).203/18 അടുക്കം പള്ളിവയൽ റോഡ് സിജു.കെ സി എം ബുക്ക് നം 8/18 | 24.04.17 | 23.07.17 (3മാസം) | 27.12.17 | 2മാസം 5 ദിവസം | 400000 | 50/21.2.18/ 394688 | 12000 |
| 2).174/18 പള്ളി വയൽ പുതുക്കണ്ടം റോഡ് ടാറിംഗ് | 16.03.17 | 15.09.17 (6 മാസം | 15.12.17 | 3മാസം | 668873 | 41/08.01.18 /626202 | 20066 |

| | | | | | | | |
|---|---|---|---|---|---|---|---|
| സിജു.കെ സി<br>എം ബുക്ക് നം 54 | | | | | | | |
| 3).210/17 കണ്ണപ്പിലാവ് വടക്കാഞ്ചേരി സ്കൂൾ റോഡ് ടാറിംഗ് സിജു.കെ സി<br>എം ബുക്ക് നം ഇല്ല | 24.04.17 | 23.10.2017<br>(6മാസം) | 28.12.17 | 2 മാസം | 392978 | 51/21.02.18 /388523 | 11789 |
| 4).165/18 ചോയിച്ചാൽ പാലം അട്ടക്കം പള്ളിവയൽ സ്ലിപ്പ് ബി ടിയും ബിടി പാച്ച് വർക്ക്<br>സിജു.കെ സി<br>എം ബുക്ക് നം 7/18 | 24.04.17 | 23.07.17<br>(3മാസം | 27.12.17 | 5 മാസം | 200000 | 55/21.02.18 /185000 | 6000 |
| 4).205/18 പള്ളിവയൽ പുതുക്കണ്ടം റോഡ് സ്ലിപ്പ് ബി ടിയും ബിടി പാച്ച് വർക്ക് സിജു.കെ സി<br>എം ബുക്ക് നം 3/18 | 24.04.17 | 23.10.2017<br>(6മാസം) | 18.12.17 | 1 മാസം 25 ദിവസം | 400000 | 46/16.01.18 /394826 | 4000 |
| 5).215/18മുയ്യം ഇരുവേശ്ശി റോഡ് സെക്കന്റ് ലെയർ മെറ്റലിംഗ് ടാറിംഗും ഡ്രെയിനേജ് നിർമ്മാണവും സിജു.കെ സി<br>എം ബുക്ക് നം | 24.04.17 | 23.10.17(<br>6 മാസം) | 29.12.17 | 2 മാസം | 293313 | 52/21.02.18 /291086 | 8799 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |
| | | | | | | ആകെ | 62654 |

ക്രമ നം 3, 5, പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട എം ബുക്കുകളുടെ നമ്പർ ലഭ്യമായിട്ടില്ല.മേൽ പട്ടികയിൽ പ്രസ്താവിച്ച പ്രകാരം ആകെ 62654/- രൂപ ഈടാക്കി പഞ്ചാചത്തിൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-12 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം. പൊതുവായ അപാകങ്ങൾ

2017 -18 വർഷം നടപ്പാക്കിയ പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന പൊതുവായ അപാകങ്ങൾ ഉണ്ട്.ആയവ പരിഹരിക്കേണ്ടതാണ്.

1.കരാറുകാരനുമായി ഉണ്ടാക്കുന്ന എഗ്രിമെന്റിൽ പൂർത്തീകരണകാലാവധി രേഖപ്പെടുത്തുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം വെയ്ക്കുന്നില്ല

3. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തി ബന്ധപ്പെട്ട ഉത്തരവ് പ്രകാരം സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല.

4.മുഴുവൻ ഫയലുകളിലും എം ബുക്കിലും മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് എഴുതി സാക്ഷ്യ പ്പെടുത്തിയിട്ടില്ല.ഉദാ-പ്രൊജക്ട് നം , 215/18, 43/18, 39/18

## 3-13 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 34അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നുണ്ട്. 34 അങ്കണവാടികളിലായി 751കുട്ടികൾ ഉണ്ട്.സ്വന്തമായി കെട്ടിടങ്ങൾ ഉള്ള29എണ്ണവും വാടക കെട്ടിടത്തിൽ 2എണ്ണവും,വാടക രഹിത കെട്ടിടത്തിൽ 3 പ്രവർത്തിച്ചു വരുന്നുണ്ട്.സ്വന്തമായി കുടിവെള്ള സൗകര്യം ഉള്ള 16എണ്ണവും,പൊതുകിണറുകളിൽ നിന്ന് 5എണ്ണവും ബാക്കി വരുന്ന 13അങ്കണവാടികൾ അയൽ വീടുകളിൽ നിന്നുമാണ് കുടിവെള്ളം ശേഖരിക്കുന്നത്. വൈദ്യുതി കണക്ഷൻ ഇല്ലാത്ത 3 അങ്കണവാടികൾ നിലവിൽ ഉണ്ട്.അസി.എജിനീയർ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.എന്നാൽ പഞ്ചായത്ത് പരിധിയിൽ ശിശു സൗഹൃദ ടോയിലറ്റ് സൗകര്യം ഉള്ള ഒരു അങ്കണവാടിയും നിലവിൽ ഇല്ല .കൂടാതെ അങ്കണവാടികളുടെ പരിയധിയിലുള്ള 346 (2017ഏപ്രിൽ മുതൽ മാർച്ച് 18വരെ)ഗർഭിണികൾ രജിസ്റ്റർ ചെയ്തതിൽ 235പേരും,പാലൂട്ടുന്ന അമ്മമാരിൽ 238പേർ രജിസ്റ്റർ ചെയ്തതിൽ 179 പേരും,6 മാസം മുതൽ 3 വയസുവരെ പ്രായമുള്ള 769കുട്ടികളും,3വയസു മുതൽ 6വയസുവരെ പ്രായമുള്ള 751കുട്ടികൾക്കും സാമൂഹ്യക്ഷേമ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പോഷകാഹാരത്തിന്റെ ആനുകൂല്യം അങ്കണവാടികളിൽ നിന്നും ലഭ്യമായിട്ടുണ്ട്.പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി,ശിശു സൌഹൃദ ടോയിലറ്റുകളും,കുടിവെള്ള സൌകര്യങ്ങൾ ലഭ്യമാകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | നെൽകൃഷി വികസന പദ്ധതി 16/18 | 200000 | 0 |
| | | 148500 | കാർഷിക യന്ത്രവൽക്കരണം 24/18 | 148500 | 0 |
| | | 250000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 104/18 | 250000 | 0 |
| | | 625000 | ബഡ്സ് സ്കൂളിന് കെട്ടിടം നിർമ്മാണം86/18 | 476204 | 148796 |
| | | 80000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി26/18 | 80000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | നെൽകൃഷി വികസന പദ്ധതി 16/18 | 200000 | 0 |
| | | 70000 | പാലിയേറ്റിവ് കെയർ36/18 | 70000 | 0 |
| | | 250000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 104/18 | 250000 | 0 |
| | | 150000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 138/18 | 150000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് | 100000 | 0 |

| | | | | |
|---|---|---|---|---|
| | | പാലിന് സബ്സിഡി26/18 | | |
| | 1875000 | കംഫേർട്ട് സ്റ്റേഷൻ നിർമ്മാണം221/18 | - | 1875000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പ്രധാന പാതയോരങ്ങളിൽ എൽ.ഇ.ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ | 37/26-3-18 800000 രൂപ | 799950 | . | 799950 |
| KGWD | മഴർ ശ്മ്ശാനത്തിന് കുഴൽ കിണർ | 6494322,7-3-18 | 38000 | - | 38000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ എം എസ് ഭവന വായ്പ | സ.ഉ(സാധാ) 274/2010 /തസ്വഭവ തി. 27.01.2010 | 11700000 | 3002633 | 1219500 | - | 1783133 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡെവലപ്പ്മെന്റ് കോ -ഓപ്പറേറ്റിവ് ലിമിറ്റഡ് | 20000 | -സർട്ടിഫിക്കറ്റ് നം .222/17-2-15 |
| ആകെ | | 20000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28558/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2008-09, 2010-11 | 2(3) | 570 | ഹസൻ റാവുത്തർ | 117010105446//26-12-17 |
| 2012-13 | 3-8 | 25995 | ത്രേസ്യ വർഗീസ്,ക്ലർക്ക് | 117010104584/21-11-17 |
| 2013-14, 2014-15 | 3 | 1993 | ടി.വി.ബാലകൃഷ്ണൻ,പി.ഡബ്ല്യു കോൺട്രാക്ടർ | 117010102916//21-8-17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 (പ.വി) | 8 | 2003-04 | 3.13.2 | ഉത്തരവിന് വിരുദ്ധമായി ആനുകൂല്യം | |
| 2002-03 | 3-1 (a,b,c.d) | 2004-05 | 3.13.4.1 | | |
| 2013-14,2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി അപാകതകൾ | നിയമ സഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് സമയത്ത് നൽകിയ അന്വേഷണ കുറിപ്പുകളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച 2700 /- രൂപയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ഓഡിറ്റ് എൻക്വയറി നമ്പർ | വിഷയം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|

| | | | |
|---|---|---|---|
| 6/30-10-18 | ഡി & ഓ ലൈസൻസ് ഫീ | 2000/-രൂപ,റസീറ്റ് നമ്പർ 118010104889/ 30.10.018 | സെക്രട്ടറി, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |
| 6/30-10-18 | തൊഴിൽ നികുതി | 600/-രൂപ,റസീറ്റ് നമ്പർ 118010104893/ 30.10.018 | സെക്രട്ടറി, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |
| 6/30-10-18 | പരാമെഡിക്കൽ രജിസ്ട്രേഷൻ | 100/-രൂപ,റസീറ്റ് നമ്പർ 118010104891,118010104892, 30.10.018 | സെക്രട്ടറി, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 76492343 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91019080 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 25227 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 180000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-12 | | 25227 | ബിന്ദിയ .കെ.വി അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 30000 | ശ്രീ.കെ.പി.അശോക് കുമാർ ,അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-9 | 150000 | ശ്രീ.കെ.പി.അശോക് കുമാർ ,അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.പി.അശോക് കുമാർ,<br>അസി.സെക്രറി | അസി.സെക്രട്ടറി,എടനാട് ഗ്രാമ പഞ്ചായത്ത് | സാഫല്യം,<br>കണിച്ചുകുളങ്ങര (പി.ഒ)<br>ചേർത്തല |
| ബിന്ദിയ .കെ.വി അസിസ്റ്റന്റ് എഞ്ചീനിയർ | അസിസ്റ്റന്റ് ഏഞ്ചിനീയർ<br>കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് | പടാട്ടി ഹൗസ്<br>മാണക്കര<br>പട്ടുവം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 2 |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 1 |
| 2001-02(പ.വി) | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 1 |

| | | |
|---|---|---|
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 2 |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 11 |
| 2011-12 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 7 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 6 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി3/655/2018 തീയതി. 17-4-18 | 14 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ /സി3/713/2017 തീയതി. 13-12-17 | 5 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി3/499/2018 തീയതി. 20-4-18 | 12 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ /കെ.എൻ.ആർ/സി.3/1901/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ:doknr.ksad@kerala.gov.in
ഫോൺ:0497-2707698

തീയതി. 04-01-19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് /നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF KURUMATHUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 26685776.52<br>36357 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1327490 |
| 140000000 | Fees & User Charges | RP-4 | 1151307 |
| 150000000 | Sale & Hire Charges | RP-5 | 183196 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57018680 |
| 171000000 | Interest Earned | RP-9 | 72002 |
| 320000000 | Grants, Funds & Contributions for Specific | RP-31 | 10027951 |

| | | | |
|---|---|---|---|
| | Purposes | | |
| 350000000 | Other Liabilities | RP-36 | 271151 |
| Non operating | | | |
| 340000000 | Deposits Received | RP-34 | 54575 |
| 180000000 | Other Income | RP-10 | 101 |
| 311000000 | Earmarked Fund | RP-29 | 31596 |
| 350000000 | Other Liabilities | RP-36 | 285388 |
| 431000000 | Sundry Debtors (Receivables) | RP-43 | 5929406 |
| 460000000 | Loans,Advances and Deposits | RP-47 | 139500 |
| Grand Total | | | 103214476.52 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2471393 |
| 220000000 | Administrative Expenses | RP-12 | 903114 |
| 230000000 | Operations & Maintenance | RP-13 | 793900 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5013721 |

| | | | |
|---|---|---|---|
| | | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 10100329 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1942750 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 1588959 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 1165329 |
| 255000000 | Maintance Projects | RP-20 | 6600391 |
| 280000000 | Prior Perid Items | RP-26 | -29810 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 571889 |
| 350000000 | Othes Liabilities | RP-36 | 4893563 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 3545 |
| 280000000 | Prior Period Item | RP-26 | -106 |
| 311000000 | Earmarked Fund | RP-29 | 21100 |
| 330000000 | Secured loans | RP-32 | 1219500 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 38400 |
| 350000000 | Other Liabilities | RP-36 | 2295340 |
| 410000000 | Fixed Assets | RP-38 | 25371842 |
| 412000000 | Capital Work in progress | RP-40 | 1890973 |
| 431000000 | Sundry Debtors (Receivables) | RP-43 | 23223838 |
| 460000000 | Loans, Advances and Deposits | RP-47 | 939120 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 12188057<br>7339 |
| Grand Total | | | 103214476.52 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF KURUMATHUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6614329 |
| 130000000 | Rental Income from panchayat properties | I-3 | 25917 |
| 140000000 | Fees & User Charges | I-4(b) | 1318157 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 215634 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 101291861 |
| 171000000 | Interest Earned | I-8 | 72002 |
| 180000000 | Other Income | I-9 | 101 |
| A | Total Income | | 109538001 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9485593 |
| 220000000 | Administrative Expenses | I-11(b) | 998114 |
| 230000000 | Operations & Maintenance | I-12(b) | 793900 |
| 240000000 | Interest & Finance Charges | I-13 | 3545 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 9115005 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 24603271 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1942750 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1588959 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 51002429 |
| 255000000 | Maintance Projects | I-14(e) | 6600391 |
| 270000000 | Provisions and write off | I-16 | 99894 |
| 272000000 | Depreciation | I-17(a) | 14566403 |
| B | Total Expenditure | | 120800254 |
| C=A-B | Gross Surplus / Defict Income over Expenditure | | (11262253) |
| D= 280000000 | Prior Period Item | I-18 | 2143278 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (13405531) |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF KURUMATHUR GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 13125016.52 |
| 311000000 | Earmarked Funds -Special Funds/Sinking Fund/Trust orAgency Fund | B-2 | 12926 |
| 312000000 | Reserves | B-3 | 69169510.00 |
| | Total Reserve & Surplus | | 82307452.52 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 7007710.00 |
| | Total Grants,Contribution for specific purposes | | 7007710.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1783133.00 |
| | Total Loans | | 1783133.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 513644.00 |
| 350000000 | Other Liabilities | B-9 | 996794.00 |
| | Total Current Liabilities and Provisions | | 1510438.00 |
| | TOTAL LIABILITIES | | 92608733.52 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 76887814.00 |
| 411000000 | Accumulated Depreciation | B-11 | -22989363.00 |
| 412000000 | Capital Work In Progress | B-11(a) | 1217675.00 |
| | Total Fixed Assets | | 55116126.00 |
| | Investments | | |
| 420000000 | Investments | B-12 | 20000 |

| | | | |
|---|---|---|---|
| | Total Investments | | 20000 |
| | Current Assets,Loans and Advances | | |
| 430000000 | stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 23340295.00 |
| 440000000 | Pre-paid Expenses | B-16 | 1783133.00 |
| 450000000 | Cash and Bank balance | B-17 | 12195396.52 |
| 460000000 | Loans, Advances and Deposits | B-18 | 153783.00 |
| | Total Current Assets,Loans and Advances | | 37472607.52 |
| | TOTAL ASSETS | | 92608733.52 |

ഡെപ്യൂട്ടി ഡയരക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്